# കേരള സർക്കാർ

നം.53764/എഎ 1/2014/തസ്വഭവ    തദ്ദേശ സ്വയം ഭരണ (എഎ)വകുപ്പ്

തിരുവനന്തപുരം,തീയ്യതി 09.03.2015

## <u>സർക്കുലർ</u>

വിഷയം -തസ്വഭവ- പെർഫോമൻസ് ഓഡിറ്റ് -കെ.എൽ.ജി.എസ്.ഡി.പി. -പെർഫോമൻസ് ഗ്രാന്റ് നല്കുന്നതിനുള്ള യോഗ്യതാ നിർണ്ണയത്തിനുള്ള വാർഷിക പ്രവർത്തന വിലയിരുത്തൽ നടത്തിയ പെർഫോമൻസ് ഓഡിറ്റ് ടീമംഗങ്ങൾക്ക് യാത്രപ്പടി നല്കുന്നതു സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

കേരളാ ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്റ്റിന്റെ ഭാഗമായുള്ള 2014-15 വർഷത്തെ പെർഫോമൻസ് ഗ്രാന്റിനുള്ള ഗ്രാമ പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും യോഗ്യത നിർണ്ണയിക്കുന്നതിനു വേണ്ടി വാർഷിക പ്രവർത്തന വിലയിരുത്തൽ പെർഫോമൻസ് ഓഡിറ്റ് ടീമുകൾ മുഖാന്തിരം നടത്തുകയുണ്ടായി. വാർഷിക പ്രവർത്തന വിലയിരുത്തലുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ നടത്തിയ ഉദ്യോഗസ്ഥർക്കുള്ള യാത്രപ്പടി നല്കുന്നതു സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. വാർഷിക പ്രവർത്തന വിലയിരുത്തൽ നടത്തിയ പെർഫോമൻസ് ഓഡിറ്റ് ടീമുകളുടെ യാത്രപ്പടി കെ.എൽ.ജി.എസ്.ഡി.പി.യുടെ ഫണ്ടിൽ നിന്നും നല്കേണ്ടതാണ്.

2.ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ യാത്രാബത്ത സംബന്ധിച്ച ചെലവുകൾ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനം തന്നെ വഹിക്കേണ്ടതാണ്.

3.പെർഫോമൻസ് ഓഡിറ്റ് ടീമംഗങ്ങൾ നിശ്ചിത ഫോമിൽ തയ്യാറാക്കിയ ടി.എ. ബില്ലുകൾ, യൂണിറ്റ് തലത്തിലോ, ജില്ലാ തലത്തിലോ ക്രോഡീകരിച്ച് കെ.എൽ.ജി.എസ്.ഡി.പി. ഡയറക്ടർക്ക് അയച്ചു കൊടുക്കേണ്ടതാണ്. എല്ലാ ഉദ്യോഗസ്ഥരും ടി.എ. ബില്ലിൽ തങ്ങളുടെ ബാങ്ക് അക്കൗണ്ട് നമ്പർ, ശാഖയുടെ പേര്, ഐ.എഫ്.എസ്.സി. കോഡ് എന്നിവ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

**സാലമ്മ എബ്രഹാം**
**ഡെപ്യൂട്ടി സെക്രട്ടറി**

പ്രോജക്റ്റ് ഡയറക്ടർ, കെ.എൽ.ജി.എസ്.ഡി.പി, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം

എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എൽ.ബി.എ), കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ചെയർമാൻ, ഐ.കെ.എം., തിരുവനന്തപുരം

(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

എല്ലാ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർമാർക്കും (എ.ഡി.പി. മുഖേന)

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ